(ബി) വൈദ്യുതി മോഷണം കണ്ടുപിടിക്കപ്പെടുന്ന എല്ലാ കേസുകളിലും വൈദ്യുതി ബന്ധം താൽക്കാലികമായി വിച്ഛേദിക്കുന്നുണ്ട്.

ഇവയിൽ വൈദ്യുതി ബന്ധം പുനഃസ്ഥാപിച്ച കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുത്തിരിക്കുന്നു:

തിരുവനന്തപുരം	..	209
കൊല്ലം	..	50
ആലപ്പുഴ	..	19
പത്തനംതിട്ട	..	9
എറണാകുളം	..	63
കോട്ടയം	..	65
തൃശ്ശൂർ	..	48
ഇടുക്കി	..	8
പാലക്കാട്	..	41
മലപ്പുറം	..	18
കോഴിക്കോട്	..	37
വയനാട്	..	20
കണ്ണൂർ	..	4
കാസർഗോഡ്	..	9
ആകെ	..	600

(സി) മോഷണ കേസുകളിൽ സർക്കാർ നിർദ്ദേശിച്ച പ്രകാരം വൈദ്യുതി ബന്ധം പുനഃസ്ഥാപിച്ച കേസുകൾ (1-4-2003 മുതൽ 31-12-2004 വരെ) 47 എണ്ണം.

(ഡി) ഇത്തരത്തിൽ കണ്ടുപിടിക്കപ്പെട്ട വൈദ്യുതി മോഷണം 28,84,11,274 രൂപയുടേതാണ്.

ഗാർഹികാവശ്യത്തിന് നൽകിയ വൈദ്യുതി

16 [334] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മെയ് മാസം മുതൽ നാളിതുവരെ സംസ്ഥാനത്താകെ ഗാർഹികാവശ്യത്തിനായി എത്ര പുതിയ വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഏതു കാലയളവുവരെ സമർപ്പിച്ച അപേക്ഷകൾക്കാണ് ഗാർഹികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷനുകൾ ഇതുവരെ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്താകെ ഗാർഹിക വൈദ്യുതി കണക്ഷനുവേണ്ടിയുള്ള എത്ര അപേക്ഷകർക്കാണ് ഇനി വൈദ്യുതി കണക്ഷനുകൾ നൽകാനുള്ളതെന്നതു സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർക്കുന്നു.†

(ബി) പോസ്റ്റ് ആവശ്യമായി വരുന്ന കണക്ഷനുകൾ 31-12-2001 വരെ രജിസ്റ്റർ ചെയ്തവർക്കും അല്ലാത്തവ 30-6-2004 വരെ രജിസ്റ്റർ ചെയ്തവർക്കുമാണ് നൽകിയിട്ടുള്ളത്.

(സി) അനുബന്ധം II ആയി ചേർക്കുന്നു.††

വൈദ്യുതി താരിഫ് നിരക്കുകളുടെ പട്ടിക

17 [335] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വിഭാഗം ഉപഭോക്താക്കൾക്ക് നിലവിലുള്ള വൈദ്യുതി താരിഫ് നിരക്കുകളുടെ പട്ടിക ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) 2001 മേയ് മാസം സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന വൈദ്യുതി താരിഫ് നിരക്കുകളുടെ വിശദമായ പട്ടിക ലഭ്യമാക്കുമോ;

(സി) ഇപ്പോൾ ഏതെങ്കിലും വിഭാഗത്തിന് സൗജന്യമായി വൈദ്യുതി ലഭ്യമാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇങ്ങനെ സൗജന്യ വൈദ്യുതി ലഭ്യമാക്കുന്ന എത്ര ഉപഭോക്താക്കളാണ് സംസ്ഥാനത്താകെയുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇങ്ങനെ സൗജന്യ വൈദ്യുതി ലഭ്യമാക്കുന്നതിനായി പ്രതിവർഷം എത്ര തുക ചെലവഴിക്കേണ്ടി വരുന്നുവെന്ന് വിശദമാക്കുമോ;

(എഫ്) ഐ.റ്റി. രംഗത്തെ വ്യവസായ സ്ഥാപനങ്ങൾക്കും ഇതര ഐ.റ്റി. സ്ഥാപനങ്ങൾക്കും ഏതു നിരക്കിലാണ് വൈദ്യുതി ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ജി) ഇത്തരം സ്ഥാപനങ്ങൾക്ക് വൈദ്യുതി നിരക്കിൽ എന്തെല്ലാം ഇളവുകളാണ് ലഭ്യമാക്കുന്നതെന്നും ഇതുവഴി പ്രതിവർഷം എത്ര തുക ബോർഡിന് നഷ്ടമാകുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടിക ആവശ്യപ്പെടുന്ന ഉപഭോക്താക്കൾക്ക് ലഭ്യമാക്കാറുണ്ട്.

---

† അനുബന്ധം V

†† അനുബന്ധം V A

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[2-2-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 16 (334)-ന്റെ ഉത്തരം ദയവായി കാണുക.]

തിരുവനന്തപുരം	..	116919	എണ്ണം
കൊല്ലം	..	87865	,,
പത്തനംതിട്ട	..	37200	,,
കോട്ടയം	..	58040	,,
ആലപ്പുഴ	..	45585	,,
എറണാകുളം	..	96025	,,
ഇടുക്കി	..	36701	,,
തൃശ്ശൂർ	..	94158	,,
പാലക്കാട്	..	93820	,,
കോഴിക്കോട്	..	108251	,,
വയനാട്	..	27150	,,
മലപ്പുറം	..	130693	,,
കണ്ണൂർ	..	82498	,,
കാസർഗോഡ്	..	45427	,,

അനുബന്ധം V A

[2-2-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 16 (334)-ന്റെ ഉത്തരം ദയവായി കാണുക.]

തിരുവനന്തപുരം	..	22446	എണ്ണം
കൊല്ലം	..	2346	,,
പത്തനംതിട്ട	..	12921	,,
കോട്ടയം	..	14934	,,
ആലപ്പുഴ	..	15052	,,
എറണാകുളം	..	19133	,,
ഇടുക്കി	..	8068	,,
തൃശ്ശൂർ	..	20797	,,
പാലക്കാട്	..	36054	,,
കോഴിക്കോട്	..	42826	,,
വയനാട്	..	5557	,,
മലപ്പുറം	..	38717	,,
കണ്ണൂർ	..	24170	,,
കാസർഗോഡ്	..	12273	,,

LIBRARY ARCHIVES Kerala Legislative Assembly